പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :541 — 03.03. 2020 ൽ മറുപടിക്ക്

## വൈദ്യുതി ചാർജ്ജ് കുടിശ്ശിക

ചോദ്യം

ശ്രീ. പാറക്കൽ അബ്ദുല്ല

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കേന്ദ്ര സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്ന് 1500 കോടി രൂപയിലധികം വൈദ്യുതി ബിൽ കുടിശ്ശിക കെ.എസ്.ഇ.ബി. യ്ക്ക് പിരിഞ്ഞു കിട്ടാനുണ്ടോ; | (എ) 31.12.2019 ലെ ക്രോഡീകരിച്ച കണക്കു പ്രകാരം കേന്ദ്ര, സംസ്ഥാന പൊതുമേഖല സ്ഥാപനങ്ങളിൽ നിന്ന് ആകെ 316.38 കോടി രൂപയാണ് വൈദ്യുതി . ബിൽ കുടിശ്ശികയായി കെ.എസ്.ഇ.ബി.എൽ.ന് പിരിഞ്ഞു കിട്ടാനുള്ളത്. |
| (ബി) കുടിശ്ശിക പിരിച്ചെടുക്കാൻ കെ.എസ്.ഇ.ബി. ഇപ്പോൾ അനുവർത്തിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (ബി) കുടിശ്ശിക പിരിച്ചെടുക്കാൻ കെ.എസ്.ബി.എൽ ചുവടെ പറയുന്ന നടപടികളാണ് സ്വീകരിച്ചു വരുന്നത്.<br>(i) സർക്കാരിലെ വിവിധ വകുപ്പുകളുമായി സഹകരിച്ച് റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.<br>(ii) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ അനുമതിയോടുകൂടി കിട്ടാകടങ്ങൾക്ക് പലിശയിൽ കമ്മീഷൻ നിഷ്കർഷിക്കുന്ന നിരക്കിൽ ഇളവു നൽകി പിരിച്ചെടുക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നു. 2016,2018,2019 എന്നീ വർഷങ്ങളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതികൾ നടപ്പിലാക്കിയിരുന്നു. ഇപ്പോൾ നിലവിലുള്ള 2019 - ലെ പദ്ധതി, (OTS – 2019) 29.02.2020 വരെ നിലവിലുണ്ട്.<br>(iii) സർക്കാർ തലത്തിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തി, കേരളാ വാട്ടർ അതോറിറ്റിയിൽ നിന്നും ലഭ്യമാക്കാനുള്ള കുടിശ്ശിക തുക, ഘട്ടം ഘട്ടമായി ബഡ്ജറ്റിൽ വകയിരുത്തി, ലഭ്യമാക്കിവരുന്നു. |
| (സി) ഈ സാഹചര്യത്തിലും യൂണിറ്റിന് 10 പൈസ വീതം ഉപഭോക്താക്കളിൽ നിന്ന് സർചാർജ് ഈടാക്കാൻ റഗുലേറ്ററികമ്മീഷൻ ഉത്തരവിട്ടുകയുണ്ടായോ; എങ്കിൽ ഇതിന്റെ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ ; | (സി)<br>&<br>(ഡി) സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ, 2018-ൽ വിജ്ഞാപനം ചെയ്ത് പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ പ്രകാരം, എല്ലാ വിതരണ ലൈസൻസികളും, കമ്മീഷൻ ലൈസൻസികളുടെ ARR&ERC ഉത്തരവിലൂടെ, അംഗീകാരം നൽകിയിട്ടുള്ള വൈദ്യുതി വാങ്ങൽ ചെലവിൽ, (Power Purchase Cost) ഇന്ധനവിലയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾക്ക് അനുസരിച്ച്,വ്യതിയാനങ്ങൾ ഉണ്ടായാൽ, ഓരോ പാദവർഷക്കാലയളവിലും, |

| | |
|---|---|
| (ഡി) യൂണിറ്റിന് 13 പൈസ വർദ്ധിപ്പിക്കാൻ വൈദ്യുതി ബോർഡ് ആവശ്യപ്പെട്ടിരുന്നോ? | 30 ദിവസത്തിനുള്ളിൽ, അത് റഗുലേറ്ററി കമ്മീഷനെ അറിയിക്കണമെന്നും, ഇപ്രകാരം ലൈസൻസിക്കുണ്ടായ അധിക ബാധ്യത (ചെലവില്ലുള്ള കുറവ്) ഉപഭോക്താക്കളിൽ ഫ്യൂവൽ സർചാർജ്ജായി ഈടാക്കിതരണമെന്നും, വൈദ്യുതി വാങ്ങൽ ചെലവിൽ, കുറവുണ്ടായാൽ, ആയത് താരിഫിൽ ഇളവായി അനുവദിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>ഇപ്രകാരം 2019 ഏപ്രിൽ - ജൂൺ മാസങ്ങളിൽ വൈദ്യുതി വാങ്ങൽ ചെലവിൽ, ഇന്ധനവിലയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ കാരണം, കമ്മീഷൻ അംഗീകരിച്ച തുകയേക്കാൾ, 72.75 കോടി രൂപ അധിക ബാധ്യതയുണ്ടായി കണക്കാക്കുകയും ആയത് യൂണിറ്റൊന്നിന് 13 പൈസ നിരക്കിൽ ഫ്യൂവൽ സർചാർജ്ജായി ചുമത്തി ഈടാക്കിതരണമെന്ന് കെ.എസ്.ഇ.ബി.എൽ കമ്മീഷനോട് ആവശ്യപ്പെട്ടെങ്കിലും റഗുലേറ്ററി കമ്മീഷൻ ടി അധികബാധ്യത 62.20 കോടി രൂപയായി അംഗീകരിക്കുകയും യൂണിറ്റൊന്നിന് 10 പൈസാ നിരക്കിൽ ഫ്യൂവൽ സർചാർജ്ജായി ഈടാക്കാൻ അനുമതി നൽകുകയും ചെയ്തു. 15.02.2020 മുതൽ ഇത് എല്ലാ വിഭാഗം ഉപഭോക്താക്കളിൽ നിന്നും യൂണിറ്റൊന്നിന് 10 പൈസാക്രമത്തിൽ ഈടാക്കി വരുന്നു. (ബി.പി.എൽ വിഭാഗത്തിൽപ്പെട്ട ഗാർഹിക വിഭാഗം ഉപഭോക്താക്കളുടെ കണക്റ്റഡ് ലോഡ് 500 വാട്ട്സ് വരെയും പ്രതിമാസം ഉപഭോഗം 20 യൂണിറ്റ് വരെയുള്ള വരെയും ഫ്യൂവൽ സർചാർജ്ജ് ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്). |

സെക്ഷൻ ഓഫീസർ